കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ.വി.എൽ.സി1/000666/2021 (A&VB4) ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട്ഭവൻ,ഫോർട്ട് ,തിരുവനന്തപുരം
തീയതി : 06.05.2023

## കാരണം കാണിക്കൽ നോട്ടീസ്

കണിയാപുരം യൂണിറ്റിലെ ജൂനിയർ അസിസ്റ്റന്റ് ആയ ശ്രീമതി.കൃപാമോഹൻ എന്ന താങ്കൾക്ക് 28.10.2015 മുതൽ 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചുനൽകിയിരുന്നു. ടി കാലയളവ് 27.10.2020-ൽ അവസാനിച്ചുവെങ്കിലും വീണ്ടും 6 മാസത്തേയ്ക്ക് കൂടി ടി അവധി ദീർഘിപ്പിച്ചു നൽകണമെന്ന് അപേക്ഷ സമർപ്പിക്കുകയുണ്ടായി.ഇത്തരത്തിലുള്ള ശൂന്യവേതനാവധി അനുവദിക്കുന്നത് പരമാവധി അഞ്ച് വർഷമായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ താങ്കളുടെ അപേക്ഷ പരിഗണിക്കുവാന് കഴിയുകയില്ല എന്ന് താങ്കളെ അറിയിച്ചിരുന്നു .

കോർപ്പറേഷന്റെ ഒരു ഉത്തരവാദിത്വപ്പെട്ട ജീവനക്കാരി എന്ന നിലയിൽ കോർപ്പറേഷന് നൽകേണ്ട സേവനം ലഭ്യമാക്കാതെ അവധി ചട്ടങ്ങൾക്ക് വിരുദ്ധമായി അനുവദിച്ചിരുന്ന ശൂന്യവേതനാവധി കഴിഞ്ഞും ജോലിയ്ക്ക് ഹാജരാകാതെ അനധികൃതമായി വിട്ടു നിൽക്കുന്നത് താങ്കളുടെ ഭാഗത്തെ ഗുരുതരമായ വീഴ്ചയും കോർപ്പറേഷന്റെ നിലവിലുള്ള ചട്ടങ്ങൾക്ക് നേരെയുള്ള വെല്ലുവിളിയുമാണ്. താങ്കളുടെ ടി പ്രവൃത്തി ഗുരുതരമായ അച്ചടക്കലംഘനമാണ്.ഇത്തരത്തിലുള്ള ജീവനക്കാരെ ജോലിയിൽ തുടരാൻ അനുവദിക്കുന്നത് കോർപ്പറേഷന്റെ നിലനിൽപ്പിനെ സാരമായി ബാധിക്കുന്നതും ചട്ടങ്ങൾ പാലിച്ചുകൊണ്ട് സ്ഥിരമായി ജോലിചെയ്യുന്ന ജീവനക്കാർക്ക് കോർപ്പറേഷനോടുള്ള ആത്മാർത്ഥതയെയും വിശ്വസ്ഥതയെയും ചോദ്യംചെയ്യുന്നതുമാണ്. മേൽക്കാരണങ്ങളാൽ താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ തീരുമാനിച്ചിരിക്കുന്നതായി അറിയിച്ച് 03.02.2021 തീയതിയായി കാരണം കാണിക്കൽ നോട്ടീസ് രജിസ്റ്റേർഡ് പോസ്റ്റ് വഴി നല്കിയിട്ടുള്ളതും ആയത് കൈപ്പറ്റാതെ “Addressee left India” എന്ന് രേഖപ്പെടുത്തി പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ നിന്നും Acknowledgement card ലഭ്യമായിട്ടുള്ളതുമാണ്.തുടർന്ന് 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും, നിയന്ത്രണവും, അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 12.04.2021 തീയതിയായി താങ്കൾക്ക് കുറ്റപത്രം നല്കിയിട്ടുള്ളതും ആയതും “Addressee left India” എന്ന് രേഖപ്പെടുത്തി മടങ്ങി വന്നിട്ടുള്ളതും മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാണ്.

ഫയൽ ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി ആറ്റിങ്ങൽ യൂണിറ്റധികാരിയ്ക്ക് കൈമാറുകയും അന്വേഷണ ഹിയറിങ്ങിന് ഹാജരാകണമെന്നറിയിച്ച് മൂന്ന് തവണ മെമ്മോ അയച്ചുവെങ്കിലും താങ്കൾ ആയത് കൈപ്പറ്റിയിട്ടില്ലാത്തതും നേരിട്ട് ഹാജരാകാതിരിന്നിട്ടുള്ളതുമാണ്. തുടർന്നുള്ള അന്വേഷണത്തിൽ താങ്കൾ കുടുംബസമേതം വിദേശത്തായിരുന്നു എന്ന് കണ്ടെത്തിയിട്ടുള്ളതും മേലധികാരികളുടെ അനുവാദമില്ലാതെ ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിനാൽ അന്വേഷണ ഉദ്യോഗസ്ഥൻ താങ്കളെ കുറ്റക്കാരിയായി കണ്ടെത്തി 16.12.2021 തീയതിയായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ടി റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് 24.12.2021 തീയതിയായി അയച്ചു നൽകുകയും ആയതും താങ്കൾ കൈപ്പറ്റിയിട്ടില്ലാത്തതുമാണ്. തുടർന്ന് ഒരു ഇൻസ്പെക്ടർ മുഖേന കുറ്റപത്രവും വിശദാന്വേഷണ വിചാരണ റിപ്പോർട്ടും ഉൾപ്പെടെ താങ്കളുടെ സ്വവസതിയിൽ എത്തി താങ്കളുടെ അഭാവത്തിൽ താങ്കളുടെ മാതാവ്കൈപറ്റിയിട്ടുള്ളതും താങ്കൾ വിദേശത്താണെന്നത് സംബന്ധിച്ച ഇൻസ്പെക്ടർ റിപ്പോർട്ട് 17.05.2020 തീയതിയായി ലഭ്യമാക്കിയിട്ടുള്ളതുമാണ്.

ഫയലും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചു. ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിന് വിശദീകരണം നൽകുന്നതിന് നിരവധി അവസരം നൽകിയിട്ടും താങ്കൾ പരാജയപ്പെട്ടു 28.10.2020 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും, താങ്കളുടെ മേൽ പ്രവൃത്തി കോർപ്പറേഷന്റെ സുഗമമായ സർവ്വീസ് നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുകയും,അപരിഹാര്യമായ ധനനഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുള്ളതാണ്. താങ്കളുടെ പ്രവൃത്തി ഗുരുതരമായ കൃത്യ വിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാണ്. KSR PART III ലെ Annexure XII C വ്യവസ്ഥകൾപ്രകാരം ഒരു ജീവനക്കാരിയ്ക്ക് പരമാവധി 5 വർഷം മാത്രമേ വിദേശത്തു നിൽക്കാനായി LWA അനുവദിക്കാൻ സാധിക്കു. എന്നാൽ പരമാവധി അനുവദനീയമായ അവധി കാലയളവ് അവസാനിച്ചിട്ടും ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നത് കുറ്റകരമാണ്.അത്തരത്തിൽ ജോലിയ്ക്ക് തിരികെ വരാതെ വിദേശത്ത് തുടരുന്നവർക്കെതിരെ അച്ചടക്ക നടപടി KCS (CCA) rule പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. ആകയാൽ കണിയാപുരം യൂണിറ്റിലെ ജൂനിയർ അസിസ്റ്റന്റ് ശ്രീമതി. കൃപാമോഹൻ എന്ന താങ്കളെ സിവിൽ സർവ്വീസ് (തരം തിരിവും ,നിയന്ത്രണവും ,അപ്പീലും ) ചട്ടങ്ങളിലെ 11(Vii) ചട്ടം പ്രകാരം കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്നു .

ഈ ശിക്ഷ ശ്രീമതി.കൃപാമോഹൻ എന്ന താങ്കളിൽ ചുമത്തപ്പെടാതിരിക്കാനുള്ള എതിർവാദങ്ങളടങ്ങിയ വിശദീകരണം ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് പരിഗണിക്കുന്നതാണ്. എതിർവാദങ്ങളടങ്ങിയ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ, വിശദീകരണമോ നല്കുവാനില്ലായെന്ന് അനുമാനിക്കുന്നതും അനന്തര നടപടി കൈക്കൊള്ളുന്നതുമാണ്.

എ. ഷാജി 3/5
(ഗവ : ജോയിന്റ് സെക്രട്ടറി )

എക്സിക്യൂട്ടീവ് ഡയറക്ടർ(വിജിലൻസ് )

6/5/23 06/5/2023

സ്വീകർത്താ വ് :-

ശ്രീമതി : കൃപാമോഹൻ ,ജൂനിയർ അസിസ്റ്റന്റ് ,കണിയാപുരം

(ജില്ലാ അധികാരി, തിരു. നോർത്ത് മുഖാന്തിരം)

പകർപ്പ് : ജില്ല അധികാരി തിരു.നോർത്ത് -ടി നോട്ടീസ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിയോടുകൂടിയ ഒപ്പ് വാങ്ങി തിരികെ അയച്ചു തരേണ്ടതാണ്.

സ്റ്റോക്ക് ഫയൽ,ഫയൽ